വൃക്ഷത്തൈകൾ സൗജന്യമായി നൽകുന്ന നടപടി

108 [1938] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

,, വി. ഡി. സതീശൻ:

പ്രൊഫ. എ.ഡി.മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം പറമ്പിൽ വച്ചുപിടിപ്പിക്കുന്നതിനായി വൃക്ഷത്തൈകൾ സൗജന്യമായി നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ വീടിന്റെയും കോമ്പൗണ്ടിൽ ഒരു വൃക്ഷമെങ്കിലും നട്ടുപിടിപ്പിക്കണമെന്ന് വീട്ടുടമകളോട് അഭ്യർത്ഥിക്കുവാൻ പരിപാടിയുണ്ടോ;

(സി) ആഫീസ് കൃാനുസിൽ വൃക്ഷം നട്ടുപിടിപ്പിക്കുന്നത് നിർബന്ധിതമാക്കുമോ?

ഉത്തരം

(എ) ഓരോ പാർപ്പിടത്തിനു ചുറ്റും മരങ്ങളും ചെടികളും വളർത്തി ആവാസ വ്യവസ്ഥ കൂടുതൽ ആരോഗ്യമുള്ളതും സുസ്ഥിര വരുമാനമുള്ളതും ആക്കുക എന്ന ഉദ്ദേശത്തോടുകൂടി പാർപ്പിട വനവൽക്കരണം (Habitat Forestry) എന്ന ഒരു നൂതന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ വൃക്ഷത്തൈകൾ സൗജന്യമായല്ല, ചുരുങ്ങിയ വില ഈടാക്കി നൽകാനാണ് ഉദ്ദേശിക്കുന്നത്. സുനാമിബാധിത പ്രദേശങ്ങളായ കടൽത്തീരങ്ങളിലും വീട്ടുവളപ്പിലും നട്ടുവളർത്തുന്നതിനുള്ള കാറ്റാടിമരത്തൈകൾ സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ, പൊതുസ്ഥലങ്ങളിൽ വനവൽക്കരണം നടത്തുകയും സന്നദ്ധ സംഘടനകൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പാർപ്പിട വനവൽക്കരണ പദ്ധതികൊണ്ടുദ്ദേശിക്കുന്നത് ഓരോ വീട്ടുപറമ്പിലും ലഭ്യവും അനുയോജ്യവുമായ സ്ഥലങ്ങളിലും സാദ്ധ്യമാവുന്നത്ര വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം എന്നതാണ്. കൂടാതെ, പൊതുസ്ഥലങ്ങളിൽ എവിടെയെങ്കിലും ഓരോ വ്യക്തിയും ഒരു മരമെങ്കിലും സംരക്ഷിക്കുന്ന "ഒരു മരം ദത്തെടുക്കുക" എന്ന പദ്ധതിയും ഉദ്ദേശിക്കുന്നു. ഇതിനുവേണ്ട പ്രചാരണ പ്രവർത്തനങ്ങൾ വനം വകുപ്പിൽനിന്നും നടത്തിയിട്ടുണ്ട്.

(സി) സർക്കാരിന്റെ എല്ലാ വകുപ്പുകളെയും വൃക്ഷവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്തിയാൽ മാത്രമേ വൃക്ഷവൽക്കരണം വിജയമാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly